©
Government of Kerala
കേരള സർക്കാർ
2013

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. രജി. നമ്പർ
KL/TV(N)/634/2012-14

KERALA GAZETTE
കേരള ഗസററ്
EXTRAORDINARY
അസാധാരണം
PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. II / വാല്യം 2 | Thiruvananthapuram, Wednesday / തിരുവനന്തപുരം, ബുധൻ | 27th March 2013 / 2013 മാർച്ച് 27 / 6th Chaithra 1935 / 1935 ചൈത്രം 6 | No. / നമ്പർ 909

കേരള സർക്കാർ

സാംസ്ക്കാരിക കാര്യ (സി) വകുപ്പ്

വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 1/2013/സാം.കാ.വ. *തിരുവനന്തപുരം, 2013 ജനുവരി 8.*

എസ്. ആർ. ഒ. നമ്പർ 246/2013.—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമ നിധി ആക്റ്റിലെ (2011-ലെ 6) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ വരുന്ന സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും, ആനുഷംഗികമായ കാര്യങ്ങൾക്കുംവേണ്ടി കേരള സർക്കാർ ഇനി പറയുന്ന പദ്ധതി ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2013.

33/1520/2013/DTP.

2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ പദ്ധതിയിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2010-ലെ കേരള സംസ്കാരിക പ്രവർത്തക ക്ഷേമ നിധി ആക്റ്റ് (2011 ലെ 6) എന്നർത്ഥമാകുന്നു ;

(ബി) "ഡയറക്ടർ" എന്നാൽ ആക്റ്റിന്റെ 8-ാം വകുപ്പ് (4)-ാം ഉപ വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഡയറക്ടർ എന്നാകുന്നു;

(സി) "ഫാറം" എന്നാൽ ഈ പദ്ധതിയിൽ അനുബന്ധമായി ചേർത്തിട്ടുള്ള ഒരു ഫാറം എന്നർത്ഥമാകുന്നു ;

(ഡി) "ചട്ടങ്ങൾ" എന്നാൽ 2013-ലെ കേരള സംസ്കാരിക പ്രവർത്തക ക്ഷേമനിധി ചട്ടങ്ങൾ എന്നർത്ഥമാകുന്നു ;

(ഇ) "ചെയർമാൻ" എന്നാൽ ആക്റ്റിന്റെ 8-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചെയർമാൻ എന്നർത്ഥമാകുന്നു ;

(എഫ്) "ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി" എന്നാൽ ആക്റ്റിന്റെ 13-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ബോർഡിന്റെ സെക്രട്ടറി എന്നർത്ഥമാകുന്നു ;

(ജി) "സൂപ്പർ ആനുവേഷൻ" എന്നാൽ സാംസ്കാരിക പ്രവർത്തകൻ 60 വയസ്സ് പൂർത്തിയാക്കുക എന്നർത്ഥമാകുന്നു.

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിലോ, ചട്ടങ്ങളിലോ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിലോ ചട്ടങ്ങളിലോ അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം തന്നെ ആയിരിക്കുന്നതാണ്.

3. അംഗത്വവും രജിസ്ട്രേഷനും.—(1) ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷയോടൊപ്പം 50 രൂപ അപേക്ഷാഫീസ് നൽകേണ്ടതാണ്. അപേക്ഷാഫീസ് നേരിട്ട് പണമായോ സെക്രട്ടറിയുടെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായോ അടയ്ക്കാവുന്നതാണ്.

(2) ആക്റ്റിലെ 7-ാം വകുപ്പ് പ്രകാരം നിധിയിൽ അംഗമാകാൻ അർഹതയുള്ള ഓരോ സാംസ്കാരിക പ്രവർത്തകനും അംഗത്വത്തിനുവേണ്ടി 1-ാം നമ്പർ ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്. രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം പ്രസ്തുത വകുപ്പിൽ പറയുന്ന ശുപാർശ സർട്ടിഫിക്കറ്റും അപേക്ഷകന്റെ പാസ്പോർട്ട് സൈസ് ഫോട്ടോയും, ജനനത്തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ് :

എന്നാൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ഒന്നാം ക്ലിപ്തം നിബന്ധനപ്രകാരം അംഗമാകുന്ന വ്യക്തി പദ്ധതി നിലവിൽ വന്ന തീയതി മുതൽ ഒരു വർഷത്തിനകം തന്റെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

കുറിപ്പ് :—അപേക്ഷകന്റെ ജനനത്തീയതി തെളിയിക്കുന്നതിലേയ്ക്ക് ജനന മരണ രജിസ്ട്രാറുടെ സാക്ഷ്യപത്രം എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റ്, സ്കൂൾ അഡ്മിഷൻ രജിസ്റ്റർ, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് എന്നിവയിലേതെങ്കിലും ഒന്നിന്റെ, ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കേണ്ടതാണ്.

(3) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും ക്ഷേമനിധിയിൽ നിലവിൽ അംഗമായിട്ടുള്ള യാതൊരാളിനും ക്ഷേമ നിധിയിൽ അംഗത്വത്തിന് അപേക്ഷ നൽകാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(4) ഏതെങ്കിലും കാരണത്താൽ അംഗത്വത്തിന് അർഹതയില്ലെന്ന് കാണുന്ന പക്ഷം, അപേക്ഷ നിരസിക്കേണ്ടതും നിരസിച്ചുകൊണ്ടുള്ള ഉത്തരവ് അപേക്ഷകന് നൽകേണ്ടതുമാണ്. എന്നാൽ അപേക്ഷകന് തന്റെ ഭാഗം വിശദീകരിക്കുന്നതിന് അവസരം നൽകാതെ അപേക്ഷ നിരസിക്കാവുന്നതല്ല.

(5) 4-ാം ഖണ്ഡിക പ്രകാരമുള്ള നിരസന ഉത്തരവിനെതിരെ പരാതിയുള്ള പക്ഷം, അപേക്ഷകന്, പ്രസ്തുത ഉത്തരവ് കൈപ്പറ്റി 60 ദിവസത്തിനകം ചെയർമാന് അപ്പീൽ നൽകാവുന്നതും ചെയർമാൻ അപ്പീലിൻമേൽ തെളിവെടുപ്പു നടത്തിയും, ആവശ്യമായ രേഖകൾ പരിശോധിച്ചും ഉചിതമായ തീരുമാനമെടുക്കേണ്ടതുമാണ്. ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കുന്നതാണ്.

(6) (2)-ാം ഉപഖണ്ഡിക പ്രകാരം നിശ്ചയിച്ചിരിക്കുന്ന തുക പുതുക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

4. നാമനിർദ്ദേശം.—നിധിയിൽ അംഗമായി ചേരുന്ന ഏതൊരാളും അപേക്ഷയോടൊപ്പം അംഗത്തിന്റെ മരണശേഷം, ഈ പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകപ്പെടേണ്ട വ്യക്തിയുടെ/വ്യക്തികളുടെ പേര്, മേൽവിലാസം, ജനനത്തീയതി, നാമനിർദ്ദേശകന് അംഗവുമായുള്ള ബന്ധം എന്നിവ ഫാറം നമ്പർ 1-ലെ നിശ്ചിത കോളങ്ങളിൽ നൽകേണ്ടതാണ്:

എന്നാൽ അപേക്ഷകൻ ആക്റ്റിലെ 2-ാം വകുപ്പിലെ (ജി) ഖണ്ഡിക പ്രകാരം കുടുംബം എന്നതിന്റെ നിർവചനത്തിൽ ഉൾപ്പെടുന്ന ആരെയെങ്കിലും മാത്രമേ നാമനിർദ്ദേശം ചെയ്യാൻ പാടുള്ളൂ.

5. നാമനിർദ്ദേശത്തിൽ മാറ്റം വരുത്തൽ.—പദ്ധതിയിലെ ഏതൊരു അംഗത്തിനും ഭാവിയിൽ കുടുംബത്തിൽ വരുന്ന മാറ്റം അനുസരിച്ച് നാമനിർദ്ദേശത്തിൽ ഭേദഗതി വരുത്താവുന്നതാണ്.

6. അംഗത്വ രജിസ്റ്റർ.—(1) പദ്ധതിയിൽ അംഗമാകാനുള്ള ഓരോ അപേക്ഷയും ലഭിച്ചശേഷം സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആവശ്യമായ പരിശോധനയും അന്വേഷണവും നടത്തേണ്ടതും, അപേക്ഷകന് അംഗത്വത്തിന് അർഹത യുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം 2-ാം നമ്പർ ഫാറത്തിലുള്ള അംഗത്വ രജിസ്റ്ററിൽ പേരും ബന്ധപ്പെട്ട മറ്റു വിവരങ്ങളും രേഖപ്പെടുത്തുകയും ഓരോ അംഗത്തിനും ഒരു അംഗത്വ നമ്പർ നൽകുകയും ചെയ്ത് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കേണ്ടതാണ്.

(2) (1)-ാം ഉപ ഖണ്ഡിക പ്രകാരം രജിസ്റ്റർ ചെയ്ത ഓരോ അംഗത്തിനും പദ്ധതി യിൽ അനുബന്ധമായി ചേർത്തിട്ടുള്ള 3-ാം നമ്പർ ഫാറത്തിൽ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകേണ്ടതാണ്.

(3) ഏതൊരു അംഗത്തിനും, (2)-ാം ഉപ ഖണ്ഡിക പ്രകാരം അയാൾക്കു നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് നഷ്ടപ്പെടുകയോ കേടുവരുകയോ ചെയ്യുന്ന പക്ഷം ബോർഡ് തീരുമാനിക്കുന്ന 100 രൂപ ഒടുക്കി ഡ്യൂപ്ലിക്കേറ്റ് കാർഡിന് അപേക്ഷിക്കാവുന്നതും സെക്രട്ടറി ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡ് ഡ്യൂപ്ലിക്കേറ്റ് എന്ന ചുവന്ന മഷിയിൽ രേഖ പ്പെടുത്തി അപേക്ഷകന് നൽകേണ്ടതുമാണ്.

ചട്ടങ്ങളിലെ 3-ാം ചട്ടത്തിൽ വ്യവസ്ഥ
7. അംശദായം നൽകലും മറ്റ് നിബന്ധനകളും.— ചെയ്തിട്ടുള്ള പ്രകാരം ഓരോ അംഗവും അംശദായം നൽകേണ്ടതും ഓരോ അംഗത്തെ സംബന്ധിച്ചും 4-ാം നമ്പർ ഫോറത്തിലുള്ള വ്യക്തിഗത അംശദായ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

1961-ലെ കേരള തദ്ദേശാധികാര
8. തീയറ്റർ ഉടമകളിൽ നിന്നും സെസ്സ് ഈടാക്കൽ.— (1961-ലെ 20) 3 സി വകുപ്പ് പ്രകാരം നിധിയിലേക്ക് സ്ഥാന വിനോദ നികുതി ആക്റ്റിലെ (1961-ലെ 20) 3 സി വകുപ്പ് പ്രകാരം നിധിയിലേക്ക് സ്ഥാന വിനോദ നികുതി ആക്റ്റിലെ

സ്ഥാന വിനോദ നികുതി ആക്റ്റിലെ (1961-ലെ 20) 3 സി വകുപ്പ് പ്രകാരം നിധിയിലേക്ക് കൊടുക്കേണ്ടതായ, 25 രൂപയിൽ കവിയുന്ന ഓരോ സിനിമാ ടിക്കറ്റിൽനിന്നും 3 രൂപ നിരക്കിൽ തിയേറ്റർ ഉടമകൾ വസൂലാക്കുന്ന സെസ്സ് സമാഹരിച്ച് എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പായി ഇതിലേക്കായി നിശ്ചയിച്ചിട്ടുള്ള ബാങ്കിന്റെ ശാഖയിൽ നിധിയുടെ അക്കൗണ്ട് ഹെഡിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി ക്ഷേമനിധി ബോർഡ് നിശ്ചയിച്ചിരിക്കുന്ന പ്രകാരം ഒടുക്കേണ്ടതും അത് സംബന്ധിച്ച വിവരം സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്.

9. നിധിയിലേക്ക് അടയ്ക്കേണ്ടതായ തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ.— ആക്റ്റോ, ചട്ടങ്ങളോ, പദ്ധതിയോ പ്രകാരം തീയറ്റർ ഉടമയോ മറ്റാരെങ്കിലുമോ നിധിയിലേക്ക് അടയ്ക്കേണ്ടതായ തുക നിശ്ചിത തീയതിക്കകം അടച്ചില്ലെങ്കിൽ, സെക്രട്ടറി, കുടിശ്ശിക വരുത്തുന്നവർക്ക് കുടിശ്ശിക തുക കാണിച്ചുകൊണ്ടുള്ള ഒരു നോട്ടീസ്, ബന്ധപ്പെട്ട സിനിമ തീയറ്റർ ഉടമയ്ക്കോ അങ്ങനെയുള്ള മറ്റാർക്കെങ്കിലുമോ അയയ്ക്കേണ്ടതും പ്രസ്തുത നോട്ടീസ് കൈപ്പറ്റി പതിനഞ്ച് ദിവസത്തിനകം തുക അടയ്ക്കാതിരുന്നാൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിലേക്ക് ഒരു നോട്ടീസ് നൽകേണ്ടതുമാണ്. അതിനുശേഷവും ഒരു മാസത്തിനകം തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയാൽ ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം പ്രതിവർഷം 12% പലിശയടക്കം, കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

10. തുക നിക്ഷേപിക്കൽ.—(1) സെക്രട്ടറി, ബോർഡ് തീരുമാനിക്കുന്നപ്രകാരം ദേശസാൽകൃതബാങ്കിൽ ക്ഷേമനിധിയുടെ ഇടപാടുകൾ നടത്തുന്നതിനുവേണ്ടി സേവിംഗ്സ് ബാങ്ക്/കറണ്ട് അക്കൗണ്ടുകൾ തുറക്കേണ്ടതാണ്.

(2) അംഗങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ലഭിക്കുന്ന എല്ലാ തുകയും ബാങ്ക് ചെക്കും ഡ്രാഫ്റ്റുകളും മറ്റും ഉൾപ്പെടെ സെക്രട്ടറി ബോർഡിന്റെ നിർദ്ദിഷ്ട ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

(3) നിധിയുടെ എല്ലാ പണവും ബോർഡ് നിശ്ചയിച്ചിരിക്കുന്നപ്രകാരം സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ, സംസ്ഥാന ട്രഷറി അക്കൗണ്ടിലോ, ജില്ലാ സഹകരണ ബാങ്കിലോ നാഷണൽ സേവിംഗ്സിലോ മറ്റേതെങ്കിലും നിക്ഷേപ പദ്ധതിയിലോ നിക്ഷേപിക്കേണ്ടതാണ്.

11. അംഗത്വം നഷ്ടപ്പെടലും പുനഃസ്ഥാപിക്കലും.—(1) ആക്റ്റിലെ 6-ാം വകുപ്പ് പ്രകാരം അടയ്ക്കേണ്ടതായ അംശദായം തുടർച്ചയായി ഒരു വർഷക്കാലമോ അതിലധികമോ അടയ്ക്കാതിരിക്കുന്ന ഒരംഗത്വത്തിന്റെ അംഗത്വം സ്വമേധയാ റദ്ദാകുന്നതാണ്. എന്നാൽ റദ്ദായ അംഗത്വം അത് ഒരു വർഷക്കാലം വരെയുള്ള കുടിശ്ശിക അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാലാണെന്ന് അംഗത്തിന്റെ അപേക്ഷപ്രകാരം സെക്രട്ടറിയ്ക്കോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഓഫീസർക്കോ ബോധ്യപ്പെടുകയും നാളിതുവരെയുള്ള കുടിശ്ശിക 6 ശതമാനം പലിശയും ചേർത്ത് പൂർണ്ണമായി അടച്ച് റിപ്പോർട്ട് ചെയ്യുകയും ചെയ്താൽ പ്രത്യേക ഉത്തരവ് പ്രകാരം സെക്രട്ടറിയ്ക്കോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗ സ്ഥനോ അംഗത്വം പുനഃസ്ഥാപിച്ചു നൽകാവുന്നതാണ്:

എന്നാൽ ഇപ്രകാരം അംഗത്വം പുനഃസ്ഥാപിക്കുന്നത് ഒരു അംഗത്തിന്റെ മൊത്തം സേവനകാലയളവിൽ രണ്ടു തവണയിൽ കൂടുതൽ ആകാവുന്നതല്ല.

(2) ഒരു വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് അംശദായം വീഴ്ചവരുത്തിയ തിനാൽ റദ്ദായ അംഗത്വം പുനസ്ഥാപിക്കുന്നതു സംബന്ധിച്ച അപേക്ഷയിൻമേൽ, കുടിശ്ശികയും പലിശയും ഈടാക്കിക്കൊണ്ട് ബോർഡിന്, ഉചിതമായ തീരുമാനമെടുക്കാവുന്നതാണ്.

12. നിധിയിലേക്കുള്ള സർക്കാരിന്റെ അംശദായം നൽകൽ.—(1) ആക്റ്റിന്റെ 6-ാം വകുപ്പ് 4)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഓരോ വർഷവും ഗ്രാന്റായി നൽകേണ്ട തുക ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുവേണ്ടി, ഗ്രാന്റായി നൽകേണ്ട തുകയുടെ പൂർണ്ണ വിവരം അടുത്തവർഷം നവംബർ 30-ാം തീയതിക്കു മുമ്പായി സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(2) (1)-ാം ഉപഖണ്ഡിക പ്രകാരം സർക്കാർ നിധിയിലേക്കനുവദിക്കുന്ന തുക ർക്കാർ ഉത്തരവ് ലഭിച്ചയുടൻ (ഭരണവകുപ്പ്) ബജറ്റിലെ നിശ്ചിത ശീർഷകത്തിൽ നിന്നും ിൻവലിച്ച് ബോർഡിന് നൽകേണ്ടതാണ്.

13. കണക്കുകൾ.—(1) ബോർഡിന്റെ നിർദ്ദേശങ്ങളും തീരുമാനങ്ങളും പ്രകാരം സക്രട്ടറി നിധിയുടെ ഭരണം നിർവഹിക്കേണ്ടതാണ്.

(2) പലിശ, വാടക, മറ്റുതരത്തിൽ വസൂലാക്കിയ ഏതെങ്കിലും തുക, ക്കിന്മേലുള്ള ലാഭനഷ്ടങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അത്, എന്നിവ അതിൽ നിന്നും ണ ചെലവുകൾ ഒഴിവാക്കിയശേഷം സസ്പെൻസ് അക്കൗണ്ട് എന്ന പേരിൽ വരവ് യ്ക്കേണ്ടതാണ്.

(3) സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഓരോ വർഷവും ജൂലൈ 31-ാം തീയതിക്കകം ആസ്തിയുടെയും ബാദ്ധ്യതയുടെ തരം തിരിച്ചുള്ള സംക്ഷിപ്ത വിവരണം തയ്യാറാക്കി വാർഷിക റിപ്പോർട്ടിനോടൊപ്പം സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

14. <u>പെൻഷൻ.</u>—(1) കുറഞ്ഞത് 5 വർഷം തുടർച്ചയായി അംശദായം അടച്ച ഒരു അംഗത്തിന് അറുപത് വയസ്സ് തികയുന്നതിന്റെ അടുത്തമാസം മുതലോ 7-ാം വകുപ്പിന്റെ 1-ാം ക്ലിപ്ത നിബന്ധനപ്രകാരം അംഗത്വം ലഭിച്ച ഒരാളിന്, അംഗത്വം ലഭിച്ച് ഒരു മാസം പൂർത്തിയാകുമ്പോൾ മുതലോ സൂപ്പർ ആന്വേഷൻ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) നിധിയിൽ കുറഞ്ഞത് 10 വർഷം അംശദായം അടച്ചിട്ടുള്ളതും സ്ഥിരമായ ശാരീരിക അവശതമൂലം തുടർന്ന് പ്രവർത്തനം നടത്താൻ കഴിയാത്തതുമായ ഒരംഗത്തിന് അയാൾക്ക് കുടിശ്ശിക എന്തെങ്കിലും ഉണ്ടെങ്കിൽ അതടച്ച് അംഗത്വം നിലനിർത്തുന്നപക്ഷം പ്രതിമാസ അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

<u>കുറിപ്പ്</u> :—സ്ഥിരമായ ശാരീരിക അവശത തെളിയിക്കുന്നതിലേക്ക് സർക്കാർ സർവ്വീസിലെ ഒരു സിവിൽ സർജന്റെ പദവിയിൽ താഴെയല്ലാത്ത ഒരു ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

(3) കുറഞ്ഞത് 5 വർഷം അംഗത്വമുള്ള ഒരംഗത്തിന് ആദ്യത്തെ 5 വർഷത്തേക്ക് പ്രതിമാസം ആയിരം രൂപയും അതിലധികമുള്ള ഓരോ അംഗത്വ വർഷത്തിനും പ്രതിമാസം നൂറ് രൂപ വീതവും വർദ്ധിച്ച പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(4) ഏറ്റവും കുറഞ്ഞ അവശതാ പെൻഷൻ പ്രതിമാസം ആയിരം രൂപയും 5 വർഷത്തിൽ കവിഞ്ഞുള്ള ഓരോ അംഗത്വവർഷത്തിനും പ്രതിമാസം നൂറ് രൂപ വീതവും വർദ്ധിച്ച അവശതാ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

15. <u>കുടുംബ പെൻഷൻ.</u>—(1) കുറഞ്ഞത് 2 വർഷം അംശദായം അടച്ച ഒരു അംഗമോ, ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്ന അംഗമോ മരണപ്പെട്ടാൽ അയാളുടെ കുടുംബത്തിന് കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) മരണപ്പെട്ട അംഗത്തിന്റെ കുടുംബത്തിൽ മുൻഗണനാ ക്രമത്തിൽ പെൻഷന് അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

(3) കുടുംബ പെൻഷന് അപേക്ഷിക്കുന്നയാൾ അപേക്ഷയോടൊപ്പം മരണപ്പെട്ട അംഗത്തിന്റെ, ജനന-മരണ രജിസ്ട്രാർ നൽകുന്ന, മരണ സർട്ടിഫിക്കറ്റ്, മരണപ്പെട്ട അംഗവുമായുള്ള ബന്ധുത്വം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജാഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. അവിവാഹിതരായ മക്കളാണ് അപേക്ഷകരെങ്കിൽ അവരുടെ വിവാഹം വരെ മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ഇപ്രകാരം പെൻഷൻ ലഭിക്കുന്നവർ വിവാഹം നടന്ന വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ആൺമക്കളാണ് അപേക്ഷകരെങ്കിൽ അവർ പ്രായപൂർത്തിയാകുകയോ സ്വന്തമായ ഉപജീവനം ലഭിക്കുകയോ ഏതാണോ ആദ്യം സംഭവിക്കുന്നത് അതോടുകൂടി അവർ പെൻഷന് അർഹരല്ലാതായി തീരുന്നതാണ്.

(4) ഏറ്റവും കുറഞ്ഞ കുടുംബ പെൻഷൻ പ്രതിമാസം എഴുന്നൂറ്റി അൻപത് രൂപയും 2 വർഷത്തിലധികമുള്ള ഓരോ അംഗത്വ വർഷത്തിനും പ്രതിമാസം എഴുപത്തിയഞ്ച് രൂപ വീതവും വർദ്ധിച്ച കുടുംബ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.

16. <u>പെൻഷനുവേണ്ടിയുള്ള അപേക്ഷ.</u>—സൂപ്പർ ആന്വേഷൻ പെൻഷനുവേണ്ടി 5-ാം നമ്പർ ഫാറത്തിലും, അവശതാ പെൻഷനുവേണ്ടി 6-ാം നമ്പർ ഫാറത്തിലും, കുടുംബ പെൻഷനുവേണ്ടി 7-ാം നമ്പർ ഫാറത്തിലും ഉള്ള അപേക്ഷ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്.

17. <u>വിവാഹാനുകൂല്യം.</u>—(1) കുറഞ്ഞത് ഒരു വർഷമെങ്കിലും നിധിയിലേക്ക് അംശദായം അടച്ച അംഗത്തിന്റെയോ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടെയോ വിവാഹാവശ്യത്തിനായി ഇരുപത്തി അയ്യായിരം രൂപ ധനസഹായമായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. അതോടൊപ്പം തത്തുല്യമായ തുക ആവശ്യമായ ഈടിൻമേൽ എട്ട് ശതമാനം സാധാരണ പലിശ നിരക്കിൽ 60 മാസ തുല്യ ഗഡുക്കളായി അടയ്ക്കണമെന്ന വ്യവസ്ഥയിൽ വായ്പയായി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഈ ആനുകൂല്യത്തിന് അപേക്ഷിക്കുന്ന അംഗം, ഒരു നിശ്ചിത ദിവസം തന്റെ അഥവാ മകളുടെ വിവാഹം നടക്കുന്നു എന്ന് തെളിയിക്കുവാനായി സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി-പ്രസിഡന്റ്-ചെയർമാൻ-മേയർ, എം. എൽ. എ., എം. പി., ഗസറ്റഡ് ഓഫീസർ അല്ലെങ്കിൽ വിവാഹം സാക്ഷ്യപ്പെടുത്തുന്നതിന് അധികാരമുള്ള സ്ഥാപനം അഥവാ സംഘടന എന്നിവരിൽ ആരെങ്കിലും നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് 60 ദിവസത്തിനകം സമർപ്പിക്കുന്ന അപേക്ഷയും ഈ ആനുകൂല്യത്തിനുവേണ്ടി പരിഗണിക്കേണ്ടതാണ്.

18. <u>അംഗത്തിന്റെ/കുടുംബാംഗങ്ങളുടെ മരണാനന്തര ചെലവ്.</u>—ഒരംഗത്തിന്റെ മരണാനന്തര ചെലവുകൾക്കായി മൂവായിരം രൂപ നിധിയിൽ നിന്നും ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

19. <u>ചികിൽസാ സഹായം.</u>—(1) മൂന്ന് വർഷമെങ്കിലും നിധിയിലേക്ക് തുടർച്ചയായി അംശദായം അടച്ച, ചിസ് ആരോഗ്യ സുരക്ഷാ പദ്ധതിയിൽപ്പെടാത്ത അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും ചികിൽസയ്ക്ക് അംഗത്വ കാലാവധിയിൽ പരമാവധി അൻപതിനായിരം രൂപ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി ചികിൽസാ സഹായം നൽകുന്നതാണ്. എന്നാൽ ഒരു കാരണവശാലും ഒരു പ്രാവശ്യത്തെ ചികിൽസാസഹായം ഇരുപ്പത്തി അയ്യായിരം രൂപയിൽ കവിയാൻ പാടുള്ളതല്ല.

(2) ഹൃദ്രോഗം, കാൻസർ, വൃക്ക സംബന്ധമായ അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റ് ഏതെങ്കിലും ഗുരുതരമായ മാരക രോഗങ്ങളാൽ കഷ്ടപ്പെടുന്ന അംഗങ്ങളുടെ വൈദ്യ ചികിൽസയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനായി, അംഗത്വകാലാവധി പരിഗണിക്കാതെ പരമാവധി എഴുപത്തി അയ്യായിരം രൂപ ബോർഡിന്റെ അംഗീകാരത്തോടെ നൽകാവുന്നതാണ്. അതോടൊപ്പം തന്നെ ഇത്തരം ഗുണഭോക്താക്കളെ അവരുടെ സഹകരണത്തോടെ മെഡിക്ലയിം പോലെയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

20. വിദ്യാഭ്യാസാനുകൂല്യം.—(1) നിധിയിലേയ്ക്ക് അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലേയ്ക്ക് അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് ബിരുദ-ബിരുദാനന്തര പഠനചെലവുകൾക്കായി പരമാവധി രണ്ട് പ്രാവശ്യം ഇരുപത്തി അയ്യായിരം രൂപ വരെ വിദ്യാഭ്യാസ വായ്പ അഥവാ മുൻകൂറിന് അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത വായ്പാ തുക അറുപത് തുല്യ തവണകളായി ആറ് ശതമാനം സാധാരണ പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

(2) നിധിയിലേക്ക് അഞ്ച് വർഷത്തിലധികം അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ സെക്കന്ററി/ഹയർസെക്കന്ററി പരീക്ഷകൾക്ക് തൊണ്ണൂറ് ശതമാനമോ അതിലധികമോ മാർക്ക് ലഭിച്ചിട്ടുള്ള മക്കൾക്ക് ഉപരിപഠനത്തിനായി അയ്യായിരം രൂപ പ്രതിവർഷ സ്കോളർഷിപ്പായി നൽകുന്നതിന് ബോർഡിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത വിദ്യാർത്ഥി അതേ നിലവാരത്തിലുള്ള പഠനം തുടരുന്നപക്ഷം ബിരുദ പഠന മാർക്ക് ലിസ്റ്റ് അടിസ്ഥാനമാക്കി ബിരുദാനന്തരപഠനം പൂർത്തിയാക്കുംവരെ പ്രസ്തുത സ്കോളർഷിപ്പ് തുടർന്ന് നൽകാവുന്നതാണ്.

21. മരണാനന്തരസഹായം.—(1) നിധിയിലെ ഒരംഗം അസുഖം മൂലമോ അപകടം മൂലമോ മരണപ്പെട്ടാൽ അത് ആദ്യ മൂന്നു വർഷത്തെ അംഗത്വ കാലയളവിനുള്ളിൽ ആയാൽ അയ്യായിരം രൂപയും ശേഷമുള്ള ഓരോ വർഷത്തെ അംഗത്വ കാലയളവിന് ആയിരം രൂപ വീതവും, പരമാവധി ഇരുപത്തി അയ്യായിരം രൂപ അംഗത്തിന്റെ കുടുംബത്തിന് മരണാനന്തര ധനസഹായം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) അപേക്ഷയോടൊപ്പം ജനന-മരണ രജിസ്ട്രാർ നൽകിയിട്ടുള്ള മരണസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

22. പ്രസവാനുകൂല്യം.—(1) നിധിയിലേക്ക് മൂന്നുമാസത്തിൽ കുറയാത്ത കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള വനിതാ അംഗത്തിന് പ്രസവാനുകൂല്യമായി അയ്യായിരം രൂപ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഗർഭമലസലോ/ചികിൽസാപരമായ ഗർഭാവസ്ഥാസമാപിക്കലോ, സംഭവിക്കുകയോ വന്ധ്യകരണശസ്ത്രക്രിയ നടത്തുകയോ ചെയ്യുന്നപക്ഷം (1)-ാം ഉപ ഖണ്ഡികയിൽ പറഞ്ഞ വിഭാഗത്തിന് രണ്ടായിരം രൂപ ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്:

എന്നാൽ പ്രസവാനുകൂല്യമോ ഗർഭമലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ രണ്ട് തവണ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) (1)-ാം ഉപണ്ഡിക പ്രകാരമുള്ള ആനുകുല്യത്തിന് ജനന-മരണ രജിസ്ട്രാർ നൽകുന്ന കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പും (2)-ാം ഉപഖണ്ഡിക പ്രകാരമുള്ള ആനുകൂല്യത്തിന് അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(4) പ്രസവം കഴിഞ്ഞോ ഗർഭം അലസൽ സംഭവിച്ചു കഴിഞ്ഞോ, വന്ധ്യകരണ ശസ്ത്രക്രിയ കഴിഞ്ഞോ, അതത് സംഗതിപോലെ, മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

23. വർഷം കണക്കാക്കൽ.—പെൻഷൻ, ചികിൽസാസഹായം, മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങളുടെ അർഹതയ്ക്കുവേണ്ടി വർഷം കണക്കാക്കുന്നതിനായി ആറുമാസമോ, അതിലധികമോ തുടർച്ചയായി അംശദായമടച്ചവർ ആ വർഷം പൂർത്തിയാകുംവരെ അംഗമായി തുടർന്നതായി കണക്കാക്കേണ്ടതും അതനുസരിച്ച് പെൻഷൻ, ചികിൽസാസഹായം, മരണാനന്തര ധനസഹായം എന്നിവ കണക്കാക്കേണ്ടതുമാണ്. ആറു മാസത്തിൽ താഴെയുള്ള കാലയളവ് കണക്കിലെടുക്കേണ്ടതില്ല.

24. ആനുകൂല്യത്തിനുവേണ്ടിയുള്ള അപേക്ഷ.—(1) ഈ പദ്ധതി പ്രകാരമുള്ള ഏതെങ്കിലും ആനുകൂല്യം ലഭിക്കുന്നതിനായി ഈ പദ്ധതിയുടെ അനുബന്ധമായി ഫാറങ്ങൾ നിർദ്ദേശിച്ചിട്ടുള്ളിടത്ത് അപ്രകാരമുള്ള ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്. പ്രത്യേക ഫാറം നിർദ്ദേശിച്ചിട്ടില്ലാത്ത സംഗതിയിൽ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷയിൽ ബോർഡ് ആവശ്യപ്പെടുന്ന അത്യാവശ്യ വിവരങ്ങൾ നൽകേണ്ടതാണ്.

(2) വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സെക്രട്ടറി അവ കിട്ടിയ തീയതി രേഖപ്പെടുത്തി സ്വീകരിക്കേണ്ടതും രജിസ്റ്ററുകളിൽ ഉൾകൊള്ളിക്കേണ്ടതുമാണ്. അതിനുശേഷം അപേക്ഷകളിൽ വേണ്ട അന്വേഷണം നടത്തി മേൽനടപടി എടുക്കേണ്ടതാണ്.

(3) സെക്രട്ടറി ഓരോ അപേക്ഷയുടെയും നിജസ്ഥിതിയും നിയമപരമായ അർഹതയും പരിശോധിച്ച് ഉചിതമായ ശുപാർശ സഹിതം ബോർഡിന്റെ ഉത്തരവിനായി സമർപ്പിക്കേണ്ടതും, സെക്രട്ടറിക്ക് ഉത്തരവ് പുറപ്പെടുവിക്കുവാൻ അധികാരം ലഭിച്ചിട്ടുള്ള സംഗതികളിൽ, ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

(4) ഏതൊരു ആനുകൂല്യവും താമസം കൂടാതെയും അപേക്ഷകന് ബുദ്ധിമുട്ട് ഉണ്ടാക്കാതെയും ബോർഡിന് നഷ്ടം വരുത്താതെയും അർഹരായ വ്യക്തിയുടെ കയ്യിൽ എത്തിക്കുന്നതിൽ സെക്രട്ടറി അതീവജാഗ്രത പുലർത്തേണ്ടതാണ്.

25. ആനുകൂല്യം വിതരണം.—(1) ഈ പദ്ധതിപ്രകാരം ഒരംഗത്തിന് അനുവദിച്ചിട്ടുള്ള ഏതൊരു ആനുകൂല്യവും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഓഫീസിൽ നിന്ന് നേരിട്ട് വാങ്ങാവുന്നതാണ്. നേരിട്ട് വാങ്ങാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളവർ, രേഖാമൂലം ആവശ്യപ്പെട്ടാൽ അവരുടെ ചെലവിൽ മണിയോർഡർ ആയോ ഡ്രാഫ്റ്റ് ആയോ ചെക്കായോ ഇലക്ട്രോണിക് മാർഗ്ഗത്തിലൂടെയോ അവരുടെ അക്കൗണ്ടിലേക്കോ തുക അയച്ചുകൊടുക്കേണ്ടതാണ്.

(2) മണിഓർഡർ, ഡ്രാഫ്റ്റ്, ചെക്ക് എന്നിവ മുഖേന പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും മാർച്ച് മാസത്തെ പെൻഷൻ, സെക്രട്ടറിയുടെയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ മുമ്പാകെ നേരിട്ട് ഹാജരായി വാങ്ങേണ്ടതും, നേരിൽ ഹാജരാകുവാൻ കഴിയാത്തവർ ജീവിച്ചിരിക്കുന്നതായി കാണിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്. തുടർന്ന് പെൻഷൻ അനുവദിക്കാൻ ഈ വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്.

33/1520/13

(3) പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന ഏതൊരാളും മരണപ്പെ[illegible]ൽ, ഉടൻതന്നെ അയാളുടെ ആശ്രിതർ വിവരം ബോർഡിന്റെ സെക്രട്ടറിയേയോ ബന്ധപ്പെട്ട അധികാരികളേയോ അറിയിക്കേണ്ടതാണ്.

26. ബഡ്ജറ്റ്.—(1) എല്ലാ വർഷവും ജനുവരി 31-ാം തീയതിക്കകം ബോർഡിന്റെ അടുത്ത സാമ്പത്തിക വർഷത്തിൽ ലഭിക്കാനിടയുള്ള അംശദായവും മറ്റു വരുമാനങ്ങളും ക്ഷേമപദ്ധതികൾക്കും ഭരണനിർവഹണത്തിനും മറ്റുമുള്ള എല്ലാവിധ ചെലവുകളും കാണിക്കുന്ന, ഒരു ബഡ്ജറ്റ് സെക്രട്ടറി തയ്യാറാക്കേണ്ടതും സബ്കമ്മറ്റിയുടെ പരിശോധന നടത്തി ബോർഡിന്റെ മുമ്പാകെ അംഗീകാരത്തിനു വയ്ക്കേണ്ടതുമാകുന്നു. ഇപ്രകാരം വച്ചശേഷം ഒരു മാസത്തിനകം, ബഡ്ജറ്റ് ബോർഡ് അംഗീകരിച്ച് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

(2) അനുവാദം നൽകുന്നതിനുമുമ്പ് സർക്കാരിന്, ബഡ്ജറ്റിൽ യുക്തമെന്ന് തോന്നുന്ന മാറ്റങ്ങൾ വരുത്താവുന്നതാണ്.

(3) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള പ്രകാരം മാത്രമേ തുക ചെലവഴിക്കാൻ പാടുള്ളൂ.

(4) സെക്രട്ടറിക്ക്, ഏതെങ്കിലും സമയത്ത്, അനുവദിക്കപ്പെട്ടിട്ടുള്ള ബഡ്ജറ്റ് തുക താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പുനർവിനിയോഗം നടത്താവുന്നതാണ്, അതായത്:—

(i) സർക്കാർ അനുവദിച്ചിട്ടുള്ള ബഡ്ജറ്റിന്റെ മൊത്തം തുകയിൽ കവിയാൻ പാടില്ല;

(ii) ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള ചെലവുകൾക്കു മാത്രമേ പുനർവിനിയോഗം ചെയ്യപ്പെടുന്ന തുക വിനിയോഗിക്കേണ്ടതാണ് ;

(iii) ഇപ്രകാരം നടത്തുന്ന ഓരോ പുനർവിനിയോഗവും 15 ദിവസത്തിനകം ബോർഡിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

27. പദ്ധതിയുടെ വാർഷിക പ്രവർത്തന റിപ്പോർട്ട്.—ഒരു സാമ്പത്തിക വർഷത്തിലെ പദ്ധതിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദമായ റിപ്പോർട്ട് അടുത്ത ജൂൺ മാസം 15-ാം തീയതിക്ക് മുമ്പായി ബോർഡ് അംഗീകരിക്കുകയും ജൂലൈ മാസം 31-ാം തീയതിക്ക് മുമ്പായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാർ അംഗീകരിച്ച ശേഷം നിയമസഭയ്ക്ക് യഥാസമയം സമർപ്പിക്കേണ്ടതാണ്.

28. റിക്കാർഡുകളുടെ പകർപ്പ് നൽകുന്നത് സംബന്ധിച്ച്.—റിക്കാർഡുകളുടെ പകർപ്പ് നൽകുന്നതിലേക്കായി സർക്കാർ അംഗീകാരത്തോടുകൂടി ബോർഡ് നിശ്ചയിച്ചിട്ടുള്ള ഫീസ് സഹിതം രേഖാമൂലം ഒരു അംഗം അപേക്ഷിക്കുന്നപക്ഷം റിക്കാർഡുകളുടെയും വാർഷിക റിപ്പോർട്ടിന്റെയും പകർപ്പ് സെക്രട്ടറി നൽകേണ്ടതാണ്.

29. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—ഈ പദ്ധതിയിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും വൈഷമ്യങ്ങൾ നേരിടുകയാണെങ്കിൽ, സർക്കാരിന് ഉത്തരവുമൂലം, സംശയങ്ങൾ ദൂരീകരിക്കുന്നതിനോ, വൈഷമ്യങ്ങൾ നീക്കുന്നതിനോ, ആവശ്യമെന്ന് സർക്കാരിന് തോന്നുന്ന, ഈ പദ്ധതിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

ഫാറം 1

[ഖണ്ഡിക 3 (1) കാണുക]

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി

ഫോട്ടോ

അംഗത്വത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ/അപേക്ഷകയുടെ പേര് :
2. സാംസ്കാരിക രംഗത്ത് ഉപയോഗിക്കുന്ന പേര് :
3. ജനന തീയതിയും പൂർത്തിയായ വയസ്സും :
4. അച്ഛന്റെ/ഭർത്താവിന്റെ പേര് :
5. കേരളത്തിലെ സ്ഥിരം മേൽവിലാസം, വീട്ടു പേര് (തപാലാഫീസ്, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ്, ടെലിഫോൺ നമ്പർ ഉൾപ്പെടെ) :
6. കത്തിടപാട് നടത്തുന്നതിനുള്ള പൂർണ്ണമേൽവിലാസം :
7. അപേക്ഷകന്റെ വൈവാഹിക പദവി : വിവാഹിതൻ/അവിവാഹിതൻ
8. ബാങ്ക് അക്കൗണ്ട് വിവരം
   ബാങ്ക് പേര് :
   ബ്രാഞ്ച് :
   അക്കൗണ്ട് നമ്പർ :
9. (എ) അപേക്ഷകന്റെ സാംസ്കാരിക പ്രവർത്തന മേഖല/മേഖലകൾ :
   (ബി) അപേക്ഷകൻ എത്രകാലമായി പ്രവർത്തിക്കുന്നു :
10. ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ :
11. നിലവിൽ ഏതെങ്കിലും ക്ഷേമനിധിയിൽ അംഗമാണോ :
    ആണെങ്കിൽ, ക്ഷേമനിധിയുടെ പേരും അംഗത്വ നമ്പരും ജില്ലയും :
12. ഒന്നിലധികം സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടരിക്കുന്നുവെങ്കിൽ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം ക്ലിപ്ത നിബന്ധന പ്രകാരം തിരഞ്ഞെടുക്കുന്ന അക്കാഡമി/ട്രേഡ് ബോഡി/നികായം/സമാജം :

13. കുടുംബാംഗങ്ങളുടെ വിശദവിവരങ്ങൾ :

പേര്	ബന്ധം	വയസ്സ്

അപേക്ഷകന്റെ നാമനിർദ്ദേശം

എന്റെ മരണശേഷം ക്ഷേമനിധിയിൽ നിന്നും എന്റെ പേരിൽ അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും കൈപ്പറ്റുന്നതിന് ഞാൻ താഴെപ്പറയുന്നവരെ നാമനിർദ്ദേശം ചെയ്യുന്നു.

ക്രമ നമ്പർ	നോമിനിയുടെ/ നോമിനികളുടെ പേരും മേൽ വിലാസവും	വയസ്സ്	അപേക്ഷകനു മായുള്ള ബന്ധം	നൽകേണ്ടതുകയുടെ അനുപാതത്തിന്റെ വിഹിതം	മൈനർ ആണെങ്കിൽ രക്ഷിതാവിന്റെ പേരും ബന്ധവും

14. അംശദായം കാറ്റഗറി :

15. ആദ്യ അംശദായം അടച്ചതിന്റെ വിശദാംശങ്ങൾ :

(എ) ബാങ്കിന്റെ പേര് :

(ബി) ഡിമാന്റ് ഡ്രാഫ്റ്റ്/ചെക്ക് നമ്പർ :

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ മുഴുവൻ സത്യവും എന്റെ ഉത്തമവിശ്വാസത്തോടു കൂടിയതുമാണെന്നും, അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചതിനുശേഷം കാലാകാലങ്ങളിൽ ഉണ്ടാകുന്ന കൂട്ടിച്ചേർക്കേണ്ട വിവരങ്ങൾ യഥാസമയം ക്ഷേമനിധി ഓഫീസിൽ അറിയിക്കുന്നതാണെന്നും ഞാൻ നൽകിയ ഏതെങ്കിലും വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെട്ടാൽ അംഗത്വം നിഷേധിക്കാവുന്നതുമാണെന്നും സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ്
തീയതി : പേര്

സാക്ഷ്യപത്രം

അപേക്ഷകൻ...മേഖലയിൽ പ്രവർത്തിക്കുന്ന ആളാണെന്നും മേൽപ്പറഞ്ഞ വസ്തുതകൾ പൂർണ്ണമായും ശരിയാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

ശുപാർശ ചെയ്യുന്ന സ്ഥാപനത്തിലെ
സ്ഥലം : മേലധികാരിയുടെ ഒപ്പും പേരും
തീയതി : (സീൽ സഹിതം)

ഹാജരാക്കേണ്ട രേഖകൾ :

1. അംഗത്വ ഫീസ്...രൂപ പണമായി.............................. എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റായോ.

ഓഫീസ് ഉപയോഗത്തിന്

രേഖകൾ പരിശോധിച്ചതിലും അന്വേഷിച്ചതിലും അപേക്ഷകൻ ഒരു സാംസ്കാരിക മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തിയാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു. അപേക്ഷ സ്വീകരിച്ചു.

(1) അടച്ച രജിസ്ട്രേഷൻ ഫീസ് :

(2) ഫീസ് അടച്ചതിന്റെ വിശദാംശങ്ങൾ :

(3) അംഗത്വം പ്രാബല്യത്തിൽ വന്ന തീയതി :

(4) അംഗത്വ നമ്പർ :

താഴെ പറയുന്ന കാരണങ്ങളാൽ അംഗത്വത്തിനുള്ള അപേക്ഷ നിരസിച്ചു.

സ്ഥലം :
തീയതി : *സെക്രട്ടറി*

ഫാറം 2

അംഗത്വ രജിസ്റ്റർ

[ഖണ്ഡിക 6 (1) കാണുക]

ക്രമനമ്പർ	അംഗത്വത്തിന്റെ പേരും മേൽവിലാസവും	അപേക്ഷ തീയതി	അംഗത്വത്തിന്റെ അർഹത നേടിയ തീയതി	അംഗത്വം നൽകിയ തീയതി	അംഗത്വ നമ്പർ	ജനന തീയതി	നോമിനിയുടെ പേര്	അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ	അംഗത്വം റദ്ദാക്കിയിട്ടുണ്ടെങ്കിൽ തീയതിയും നമ്പറും	അംഗത്വം പുനഃസ്ഥാപിച്ചിട്ടുണ്ടെങ്കിൽ അതിന്റെ തീയതി	സെക്രട്ടറിയുടെ ഒപ്പ്
1	2	3	4	5	6	7	8	9	10	11	12

ഫാറം 3

[ഖണ്ഡിക 6 (2) കാണുക]

തിരിച്ചറിയൽ കാർഡ്

1. അംഗത്വത്തിന്റെ പേര്	:	
2. മേൽവിലാസം	:	
3. ജനന തീയതി/വയസ്സ്	:	
4. സാംസ്കാരിക പ്രവർത്തന മേഖല	:	
5. അംഗത്വ നമ്പർ	:	
6. രജിസ്ട്രേഷൻ നമ്പർ ഏത് തീയതി മുതൽ	:	

പാസ്പോർട്ട് ഫോട്ടോ

തീയതി (ഓഫീസ് സീൽ) സെക്രട്ടറി

ഫാറം 4

(ഖണ്ഡിക 7 കാണുക)

വ്യക്തിഗത അംശദായ രജിസ്റ്റർ

അംഗത്വ നമ്പർ :
അംഗത്തിന്റെ പേരും മേൽവിലാസവും :
ശുപാർശ നൽകിയ അക്കാദമി/ട്രേഡ് ബോഡി/ :
നികായം/സമാജത്തിന്റെ പേരും മേൽവിലാസവും :

അംശദായ കാലം മാസവും, വർഷവും	അംശദായ തുക	പിഴയോ, മറ്റോ ഉണ്ടെങ്കിൽ അത്	അടച്ച തീയതി	അടച്ച രീതി ചെക്ക് ഡി. ഡി. ക്യാഷ്	അഭിപ്രായ ക്കുറിപ്പ്

ഫാറം 5

[ഖണ്ഡിക 14 (1) കാണുക]

സൂപ്പർ ആന്വേഷൻ പെൻഷൻ അപേക്ഷാഫാറം

അംഗത്വ നമ്പർ :

1. അപേക്ഷകന്റെ പേരും മേൽവിലാസവും :
2. സാംസ്കാരിക പ്രവർത്തന മേഖല :
3. ജനന തീയതിയും, പൂർത്തിയായ വയസ്സും :
4. വിവാഹിതൻ/വിവാഹിത ആണെങ്കിൽ ഭാര്യയുടെ/ഭർത്താവിന്റെ പേര് :
5. ക്ഷേമനിധിയിൽ ആദ്യമായി അംശദായം അടച്ച തീയതി :
6. അംശദായം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തി അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ടോ ? :
7. ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിച്ചുകിട്ടിയ തീയതി :
8. ക്ഷേമനിധിയിൽ അവസാനമായി അംശദായം അടച്ച തീയതിയും വിശദാംശങ്ങളും :
9. എത്ര വർഷത്തെ അംഗത്വം പൂർത്തിയാക്കിയിട്ടുണ്ട് ?:
10. അർഹതപ്പെട്ട പെൻഷൻതുക :
11. ഇപ്പോൾ സർക്കാരിൽ നിന്നോ മറ്റേതെങ്കിലും ക്ഷേമനിധി ബോർഡിൽനിന്നോ പെൻഷൻ ലഭിക്കുന്നുണ്ടോ ? :
12. ഉണ്ടെങ്കിൽ അതിന്റെ വിവരം :

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി :

32/1520/13

അപേക്ഷകന്റെ ഒപ്പ്/വിരലടയാളം

<u>കുറിപ്പ്</u>.—അപേക്ഷകൻ/അപേക്ഷക വിവാഹിതൻ/വിവാഹിത ആണെങ്കിൽ ഭാര്യ/ ഭർത്താവ് ജീവിച്ചിരിക്കുന്നപക്ഷം അപേക്ഷയോടൊപ്പം ഭാര്യാഭർത്താക്കൻമാർ ഒന്നിച്ചുള്ള ഫോട്ടോയുടെ രണ്ട് കോപ്പികൾ ഹാജരാക്കേണ്ടതാണ്.

ആഫീസ് ഉപയോഗത്തിന്

അന്വേഷണത്തിൽ അപേക്ഷകന് സൂപ്പർ ആന്വേഷൻ പെൻഷൻ ആനുകൂല്യത്തിന് അർഹതയുണ്ട് എന്നുകാണുന്നു. അപേക്ഷ അനുവദിക്കാവുന്നതാണ്.

ശുപാർശ നൽകുന്ന ആഫീസർ

അപേക്ഷ അനുവദിച്ചു/ നിരസിച്ചു (കാരണം) ....

.... രൂപ പ്രതിമാസ പെൻഷൻ അനുവദിച്ചിരിക്കുന്നു.

..............തീയതി മുതൽ..............................

സെക്രട്ടറി.

<u>ഫാറം 6</u>

[ചട്ടം 14 (2) കാണുക]

അവശതാ പെൻഷനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും അംഗത്വ നമ്പരും മേൽവിലാസവും :
2. സാംസ്കാരിക പ്രവർത്തന മേഖല :
3. ജനന തീയതിയും പൂർത്തിയായ വയസ്സും :
4. അച്ഛന്റെ /ഭർത്താവിന്റെ പേര് :
5. ക്ഷേമനിധിയിൽ ആദ്യമായി അംശദായം അടച്ച തീയതി :
6. അംശദായം അടയ്ക്കുന്നതിൽ വീഴ്ച വരുത്തി അംഗത്വം നഷ്ടപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ പുനഃസ്ഥാപിച്ചു കിട്ടിയ തീയതി :
7. ക്ഷേമനിധിയിൽ അവസാനമായി അംശദായം അടച്ച തീയതിയും വിശദാംശങ്ങളും :
8. അവശത സംഭവിച്ച തീയതിയും, അവശതയുടെ സ്വഭാവവും :
9. സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും ആനുകൂല്യം ലഭിച്ചിട്ടുണ്ടോ ? :
10. ഉണ്ടെങ്കിൽ വിശദാംശങ്ങൾ :
11. ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ? :
12. ഉണ്ടെങ്കിൽ വിശദാംശങ്ങൾ :
13. അർഹതപ്പെട്ട പെൻഷൻ തുക :

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്/വിരലടയാളം

<u>കുറിപ്പ്</u>.—അപേക്ഷകൻ/അപേക്ഷക വിവാഹിതൻ/വിവാഹിത ആണെങ്കിൽ ഭാര്യ/ ഭർത്താവ് ജീവിച്ചിരിക്കുന്നപക്ഷം അപേക്ഷയോടൊപ്പം ഭാര്യാഭർത്താക്കൻമാർ ഒന്നിച്ചുള്ള ഫോട്ടോയുടെ രണ്ട് കോപ്പികൾ ഹാജരാക്കേണ്ടതാണ്.

ആഫീസ് ഉപയോഗത്തിന്

അന്വേഷണത്തിൽ അപേക്ഷകന് അവശതാ പെൻഷൻ ആനുകൂല്യത്തിന് അർഹതയുണ്ട് എന്നുകാണുന്നു. അപേക്ഷ അനുവദിക്കാവുന്നതാണ്.

ശുപാർശ നൽകുന്ന ആഫീസർ

അപേക്ഷ അനുവദിച്ചു/ നിരസിച്ചു (കാരണം)..

....തീയതി

മുതൽ.........................രൂപ പ്രതിമാസ പെൻഷൻ അനുവദിച്ചിരിക്കുന്നു.

സെക്രട്ടറി.

ഫാറം 7

(ഖണ്ഡിക 15 കാണുക)

കുടുംബ പെൻഷനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേരും പൂർണ്ണ മേൽവിലാസവും :
2. അച്ഛന്റെ /ഭർത്താവിന്റെ പേര് :
3. ജനന തീയതിയും, വയസ്സും :
4. അപേക്ഷകന്റെ ജോലി :
5. മരണമടഞ്ഞ അംഗത്തിന്റെ പേര് :
6. അംഗത്വ നമ്പരും, അംഗത്വം പ്രാബല്യത്തിൽ വന്ന തീയതിയും :
7. മരണമടഞ്ഞ തീയതി :
8. (i) മരണമടഞ്ഞത് അംഗമായിരിക്കുമ്പോഴോ അഥവാ പെൻഷൻകാരനായിരിക്കുമ്പോഴോ ? :

   (ii) പെൻഷൻകാരനാണെങ്കിൽ പെൻഷൻ നമ്പരും, പ്രതിമാസ പെൻഷൻ തുകയും :
9. അപേക്ഷന് മരണമടഞ്ഞ ആളുമായുള്ള ബന്ധം :
10. (i) അപേക്ഷകൻ അംഗത്തിന്റെ നോമിനിയാണോ :

    (ii) കുടുംബാംഗങ്ങളുടെ പേരും, വയസ്സും അംഗവുമായുള്ള ബന്ധവും :
11. അപേക്ഷക മകളാണെങ്കിൽ വിവാഹിതയോ, അവിവാഹിതയോ, അഥവാ, വിധവയോ ? :
12. ഹാജരാക്കിയ രേഖകൾ

    (i) അംഗത്തിന്റെ/പെൻഷൻകാരന്റെ മരണ സർട്ടിഫിക്കറ്റ് :

    (ii) അംഗവുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് :

    (iii) അപേക്ഷകന്റെ കുടുംബ വരുമാന സർട്ടിഫിക്കറ്റ് :
13. അപേക്ഷകൻ മൈനറാണെങ്കിൽ രക്ഷിതാവിന്റെ പേരും പൂർണ്ണ മേൽവിലാസവും അപേക്ഷകനുമായുള്ള ബന്ധവും :

സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങളെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്ന് ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം :

അപേക്ഷകന്റെ ഒപ്പ്

തീയതി :

രക്ഷിതാവിന്റെ ഒപ്പ് (മൈനറാണെങ്കിൽ)

ആഫീസ് ഉപയോഗത്തിന്

അപേക്ഷ ലഭിച്ചത്......................തീയതിയിൽ ആണ്. ....തീയതി മുതൽ പ്രതിമാസം.......................രൂപ കുടുംബ പെൻഷൻ അനുവദിച്ചു.

പെൻഷൻ നമ്പർ

തീയതി

ബാധകമല്ലാത്തത് വെട്ടികളയുക.

താഴെപറയുന്ന കാരണങ്ങളാൽ അപേക്ഷ നിരസിച്ചു...

....

സെക്രട്ടറി.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സാജൻ പീറ്റർ,

പ്രിൻസിപ്പൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റ് (2011-ലെ 6) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കുന്നതിന് അധികാരം നൽകുന്നു. പ്രസ്തുത വകുപ്പിൻകീഴിൽ പദ്ധതി ഉണ്ടാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.